LIBRARY ARCHIVES Kerala Legislative Assembly

പോലീസിലെ ക്രിമിനലുകളെയും അഴിമതിക്കാരെയും കണ്ടെത്തുന്നതിന് പ്രത്യേക സംവിധാനം

213 (3847) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പോലീസിന്റെ സ്റ്റേഷനുകളിൽ വാദികളായും പ്രതികളായും എത്തുന്ന ജനങ്ങളോട് പോലീസുകാർ അപരിഷ്കൃതമായ രീതിയിൽ പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ പോലീസ് സ്റ്റേഷനുകളിൽ ക്യാമറ സംവിധാനം സ്ഥാപിക്കുന്നതിനും ജനങ്ങളോട് പെരുമാറുന്നത് സംബന്ധിച്ച് ആറു മാസത്തിൽ ഒരിക്കൽ ഇവർക്ക് പ്രത്യേക ബോധവൽക്കരണം നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

(ബി) പോലീസിലെ ക്രിമിനലുകളെയും അഴിമതിക്കാരെയും കണ്ടെത്തുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 272 പോലീസ് സ്റ്റേഷനുകളിലെ ലോക്കപ്പിൽ ക്യാമറ സ്ഥാപിച്ച് ലോക്കപ് മോണിറ്ററിംഗ് സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. പൊതുജനങ്ങളുമായി ഉചിതമായ രീതിയിൽ ഇടപഴകുന്നതിനും അവരോട് മാന്യമായി പെരുമാറുന്നതിനും ആവശ്യമായ പരിശീലന പരിപാടികളും സെമിനാറുകളും പോലീസുകാർക്ക് നൽകിവരുന്നുണ്ട്.

(ബി) പോലീസ് ഉദ്യോഗസ്ഥർ അഴിമതി നടത്തുന്നതായോ ക്രിമിനൽ കുറ്റങ്ങളിലേർപ്പെടുന്നതായോ ശ്രദ്ധയിൽപ്പെട്ടാൽ അവരെ സർവ്വീസിൽനിന്നും മാറ്റിനിർത്തിക്കൊണ്ട് കർശനമായ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കാസർഗോഡ് കോട്ടക്കണ്ണി യൂണിറ്റി മെഡിക്കൽ സ്റ്റോറിലെ തീപിടിത്തം

214 (3848) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കാസർഗോഡ് നഗരത്തിലെ കോട്ടക്കണ്ണി റോഡിൽ യൂണിറ്റി മെഡിക്കൽ സ്റ്റോറിൽ 18-10-2014-ൽ രാത്രി ഉണ്ടായ തീപിടിത്ത സംഭവത്തിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;